മാധ്യമം

21 January 2017

# കടലിൽ തള്ളുന്ന പ്ലാസ്റ്റിക് മത്സ്യങ്ങളുടെ വയറ്റിലെത്തുന്നു

● മത്സ്യങ്ങളുടെ ശ്മശാനം: പ്രചാരണ പരിപാടിക്ക് ഇന്ന് തുടക്കം

കൊച്ചി: കടലിൽ തള്ളുന്ന പ്ലാസ്റ്റിക് മാലിന്യം മത്സ്യങ്ങൾ ഭക്ഷണമാക്കുന്നതിന്റെ അപകടാവസ്ഥ വിവരിച്ച് പ്രചാരണ പരിപാടി സംഘടിപ്പിക്കും. കേന്ദ്ര സമുദ്ര-മത്സ്യഗവേഷണ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ, കൊച്ചിൻ ഷിപ്യാർഡിന്റെ സഹകരണത്തോടെ മത്സ്യങ്ങളുടെ ശ്മശാനം എന്നപേരിൽ ഫോർട്ട്കൊച്ചി സൗത്ത് ബീച്ചിൽ തയാറാക്കിയ ആർട്ട് ഇൻസ്റ്റലേഷൻ ശനിയാഴ്ച വൈകുന്നേരം 6.30ന് മേയർ സൗമിനി ജയിൻ ഉദ്ഘാടനം ചെയ്യും. 2500 ചതുരശ്രയടിയിലധികം വിസ്തീർണവും 13 അടി ഉയരവുമാണ് കലാരൂപത്തിനുള്ളത്. ശിൽപികളും ചിത്രകാരന്മാരുമായ മനോജ് ബ്രഹ്മമംഗലവും പ്രമോദ് ഗോപാലകൃഷ്ണനുമാണ് ഇത് നിർമിക്കുന്നത്.

പ്ലാസ്റ്റിക് മാലിന്യം കുമിഞ്ഞുകൂടുന്നത് ഭക്ഷ്യശൃംഖലയിൽ ഗുരുതര പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന കണ്ടെത്തലിനെത്തുടർന്നാണ് ബോധവത്കരണത്തിന് ഒരുങ്ങുന്നതെന്ന് സി.എം.എഫ്.ആർ.ഐ അറിയിച്ചു. ജലജീവികളുടെയും അതുവഴി മനുഷ്യരുടെയും ആരോഗ്യത്തെ ഇത് ഗുരുതരമായി ബാധിക്കും. പ്ലാസ്റ്റിക് മാലിന്യം സമുദ്രങ്ങളുടെ ആവാസവ്യവസ്ഥയെ നശിപ്പിച്ച് ശ്മശാനമായി മാറ്റുന്നതിനെതിരായ ബോധവത്കരണ ശ്രമമാണ് ഈ കലാസൃഷ്ടിയെന്ന് സി.എം.എഫ്.ആർ.ഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും എഫ്.ഇ.എം ഡിവിഷൻ മേധാവിയുമായ ഡോ. വി. കൃപ പറഞ്ഞു. തീരദേശം, സമുദ്രം എന്നിവയുടെ സംരക്ഷണം എന്ന വിഷയത്തിൽ സി.എം.എഫ്.ആർ.ഐയുടെ സഹകരണത്തോടെ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി മത്സരങ്ങൾ സംഘടിപ്പിക്കുമെന്ന് കൊച്ചിൻ ഷിപ്യാർഡ് ജനറൽ മാനേജരും സി.എസ്.ആർ തലവനുമായ എം.ഡി. വർഗീസ് അറിയിച്ചു.